നമ്പർ.സി1/1277/റ്റി സി/2006

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് , കേരളം ,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,.04.10.2012

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — സ്പീഡ് പോസ്റ്റ് വഴി രേഖകൾ അയയ്ക്കുന്നത് കൂടിയ നിരക്ക് ഈടാക്കുന്നത് സംബന്ധിച്ച നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- സർക്കുലർ 09/2010

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . ഭാരതീയ തപാൽ വകുപ്പ് സ്പീഡ് പോസ്റ്റ് സർവ്വീസുകൾക്ക് 01.10.2012 മുതൽ സ്പീഡ് പോസ്റ്റ് സർവ്വീസുകൾക്ക് നിരക്കുകൾ വർദ്ധിപ്പിച്ചതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്പീഡ് പോസ്റ്റ് വഴി രേഖകൾ അയച്ചു നൽകുന്നതിനായി ദൂരത്തിനും, ഭാരത്തിനും അനുസരിച്ച് മതിയായ തുകയ്ക്കുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ കൂടി ഹാജരാക്കുവാൻ അപേക്ഷകരോട് ആവശ്യപ്പെടേണ്ടതാണ്. ഈ സാഹചര്യത്തിൽ നേരത്തെ ഓഫിസിൽ കിട്ടിയ അപേക്ഷകൾ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. അയയ്ക്കാൻ ബാക്കി വന്ന ഇത്തരം രേഖകൾ രജിസ്റ്റേർഡ് പോസ്റ്റിൽ അയയ്ക്കേണ്ടതാണ്.
2. അപേക്ഷകർ നേരിട്ട് വന്ന് ആവശ്യപ്പെട്ടാൽ ഇത് സംബന്ധിച്ച് നേരത്തെ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതമായി രേഖകൾ കൊടുക്കാവുന്നതാണ്.
3. മേൽ നിർദ്ദേശത്തിന്റെ മറവിൽ രേഖകൾ ഒരു കാരണവശാലും ഏജന്റുമാരോ മറ്റ് മദ്ധ്യവർത്തികൾ വഴിയോ നൽകാൻ പാടില്ല. ഇത് അതാത് ഓഫീസ് തലവൻ ഉറപ്പു വരുത്തേണ്ടതാണ്.

01.10.2012 മുതൽ നിലവിൽ ഈ പുതുക്കിയ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ഭാരം | പ്രാദേശികം( മുൻസിപ്പൽ പരിധിക്കുള്ളിൽ ) | 200.കി.മീറ്റർ വരെ | 201 മുതൽ 1000 കി.മീറ്റർ വരെ | 1001 മുതൽ 2000 കി.മീറ്റർ വരെ | 2000 കി.മീറ്ററിന് മുകളിൽ |
|---|---|---|---|---|---|
| 50 ഗ്രാം വരെ | 15 രൂപ | 35 രൂപ | 35 രൂപ | 35 രൂപ | 35 രൂപ |
| 51 മുതൽ 200 ഗ്രാം വരെ | 25 രൂപ | 35 രൂപ | 40 രൂപ | 60 രൂപ | 75 രൂപ |
| 201 ഗ്രാം മുതൽ 500 ഗ്രാം വരെ | 30 രൂപ | 50 രൂപ | 60 രൂപ | 80 രൂപ | 90 രൂപ |

മേൽ പ്രസ്താവിച്ചിട്ടുള്ള നിരക്കുകൾ നികുതി ഉൾപ്പെടാതെയുള്ള നിരക്കുകളാണ്. നികുതി സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട പോസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. സ്പീഡ് പോസ്റ്റ് നിരക്കുകൾ കൂട്ടിയതുമായി ബന്ധപ്പെട്ട് അപേക്ഷകർക്ക് മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

4/10

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ